പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നെൽക്കൃഷിക്ക് തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്താൻ നടപടി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3023**

03.04.2013 ൽ മറുപടിക്ക്

ചോദ്യം.

ഉത്തരം.

| ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | നെൽക്ക്യഷിക്ക് സഹായകരമായി തൊഴിലുറപ്പ്പദ്ധതിയെ പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1 പ്രകാരം അനുവദനീയമായ പ്രവൃത്തിയിനമായി നെൽകൃഷി ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ നെൽകൃഷിക്ക് സഹായകമായി ജലസേചന സൗകര്യം, നിലമൊരുക്കൽ, ഫാം ബണ്ടിംഗ് എന്നീ പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തു വരുന്നുണ്ട്. |
| (ബി) | നെൽക്കൊയ്ത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; | (ബി) & (സി) | നെൽകൃഷിയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാനം കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിരുന്നു എങ്കിലും അനുകൂല തീരുമാനമായിട്ടില്ല. |
| (സി) | നടീലും വിള സംരക്ഷണ പ്രവർത്തനങ്ങളും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിക്കുമോ ? | | |

സെക്ഷൻ ഓഫീസർ